**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1804** **11-10-2024 - ൽ മറുപടിയ്ക്ക്**

**കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലുള്ള വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷനിലുള്ള വായ്പ കേരള ബാങ്കിലേക്ക് മാറ്റുന്നതിന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കെ.ടി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ കേരള ബാങ്കിലേക്ക് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചു വരുന്നു. കെ.ടി.ഡി.എഫ്.സി.യിലെ നിക്ഷേപകരുടെ കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ തിരികെ നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.യുടെ കൺസോർഷ്യം ലോണിൽ നിന്നും പിൻമാറുന്നതിന് കെ.റ്റി.ഡി.എഫ്.സി.യുടെ ബോർഡ് തീരുമാനിച്ച് വിവരം കെ.എസ്.ആർ.ടി.സി.യേയും കൺസോർഷ്യം ലോണിലെ ലീഡ് ബാങ്ക് ആയ എസ്.ബി.ഐ.യേയും അറിയിക്കുകയുണ്ടായി. കെ.ടി.ഡി.എഫ്.സി.യുടെ കൺസോർഷ്യം ലോണിലെ വിഹിതം ഏറ്റെടുക്കുന്നതിനായി കേരള ബാങ്കിന് കെ.ടി.ഡി.എഫ്.സി. കത്ത് നൽകുകയും ചെയ്തു. |
| (ബി) | എസ്.ബി.ഐ. കൺസോർഷ്യം വായ്പയിൽ പങ്കാളിയായ കെ.ടി.ഡി.എഫ്.സി.യെ ഒഴിവാക്കി കേരള ബാങ്കിനെ ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും ഇതുമൂലം അധിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) | കൺസോർഷ്യം വായ്പയുടെ തിരിച്ചടവ് കാലാവധി 20 വർഷമാണ് (2039 ജനുവരി മാസം വരെ). കേരള ബാങ്ക് വായ്പയുടെ പരമാവധി തിരിച്ചടവ് കാലായളവ് 10 വർഷമാണ്. ടി തിരിച്ചടവ് കാലവളവ് 15 വർഷമായി ദീർഘിപ്പിക്കുന്നതിനായി കേരള ബാങ്ക് സഹകരണ വകുപ്പിന്റെ അനുമതി തേടിയിരിക്കുകയാണ്. അതിന്മേൽ സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക്, കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായി, കെ.ടി.ഡി.എഫ്.സി.യുടെ വായ്പ പൂർണ്ണമായി ഏറ്റെടുക്കാമെന്ന് കേരള ബാങ്ക് അറിയിച്ചിട്ടുണ്ട്. നിലവിൽ കെ.ടി.ഡി.എഫ്.സി. 11.32% പലിശ നിരക്കാണ് കൺസോർഷ്യം വായ്പയ്ക്ക് ഈടാക്കി വരുന്നത്. കേരള ബാങ്ക് കെ.ടി.ഡി.എഫ്.സി.യുടെ വായ്പ ഏറ്റെടുക്കുന്നത് വഴി ടി പലിശ നിരക്ക് 10.10% ആയി കുറയുന്നതാണ്. തദ്വാരാ കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ |

| | | | |
|---|---|---|---|
| | | | തിരിച്ചടവിനത്തിലെ ചെലവ് കുറയ്ക്കാൻ കഴിയുന്നതാണ്. |
| (സി) | കെ.ടി.ഡി.എഫ്.സി.യുടെ പേരിലുള്ള ഭൂപണയരേഖകൾ കേരള ബാങ്കിലേക്ക് മാറ്റുമ്പോൾ രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കേരള ബാങ്കിന് പത്ത് വർഷത്തിൽ കൂടിയ കാലയളവിലുള്ള വായ്പകൾ നൽകുവാൻ സാധിക്കാത്തത് ഏത് രീതിയിൽ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കേരള ബാങ്കിൽ നിന്നും കൺസോർഷ്യം വ്യവസ്ഥയുടെ ഭാഗമായി വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് വസ്തുവകകൾ ഈടായി നൽകുന്നതിനായുള്ള കരാർ (നിലവിൽ കൺസോർഷ്യം ബാങ്കുകൾക്ക് ഈടായി നൽകിയ വസ്തു വകകൾ തന്നെ) രജിസ്റ്റർ ചെയ്യുന്നതിനായുള്ള രജിസ്ട്രേഷൻ ഫീ, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ട് കെ.എസ്.ആർ.ടി.സി.ൽ നിന്നും ലഭ്യമായ പ്രൊപ്പോസൽ പരിശോധനയിലാണ്.<br><br>കേരള ബാങ്ക് വായ്പയുടെ പരമാവധി തിരിച്ചടവ് കാലായളവ് 10 വർഷമാണ്. ടി തിരിച്ചടവ് കാലവളവ് 15 വർഷമായി ദീർഘിപ്പിക്കുന്നതിനായി കേരള ബാങ്ക് സർക്കാരിന്റെ അനുമതി തേടിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ